അതോറിറ്റിക്ക് ഉടൻ കൈമാറുന്നതാണ്. കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ്. ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. പാരലൽ ടാക്സി ട്രാക്ക് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇൻവെസ്റ്റ്മെന്റ് ലാൻഡിംഗ് സിസ്റ്റം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ-ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018-ൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള റൺവേ വികസനത്തിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ച കോൺസെപ്റ്റ്/ഡിസൈനിൻമേൽ നിർദ്ദേശിച്ച ഭേദഗതി വരുത്തി പുനർസമർപ്പിക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ തസ്തികകൾ

26(3380) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള പ്ലാനറ്റേറിയം ഓപ്പറേറ്റർ, എൽ. ഡി. ടൈപ്പിസ്റ്റ്, വെൽഡർ-കം-ബ്ലാക്ക് സ്മിത്ത് എന്നീ തസ്തികകളിലേക്കുള്ള യോഗ്യതകൾ വിശദമാക്കാമോ;

(ബി) ഈ തസ്തികകളിൽ നിലവിൽ ജോലിചെയ്തുവരുന്ന സ്ഥിരം ജീവനക്കാർ ഹാജരാക്കിയിരിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഡ്രൈവർ-കം-ഹെൽപ്പർ, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ 2010-നുശേഷം രൂപം നൽകിയത് ഏതെല്ലാം തസ്തികകൾക്ക് മാറ്റം വരുത്തിയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള പ്ലാനറ്റേറിയം ഓപ്പറേറ്റർ, എൽ.ഡി. ടൈപ്പിസ്റ്റ്, വെൽഡർ-കം-ബ്ലാക്ക്സ്മിത്ത് എന്നീ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

| തസ്തിക | യോഗ്യത |
|---|---|
| പ്ലാനറ്റേറിയം ഓപ്പറേറ്റർ | 1.മെക്കാനിക്കൽ/ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബിരുദം/ഫസ്റ്റ് ക്ലാസ് ഡിപ്ലോമ<br>2. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇൻ പ്ലാനറ്റേറിയം പ്രൊജക്റ്റുകളിൽ ഒരു വർഷത്തെ പ്രവർത്തി പരിചയം |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1.എസ്.എസ്.എൽ.സി./കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) ആൻഡ് മലയാളം (ലോവർ)<br>2. ഗവൺമെന്റ് സ്ഥാപനത്തിലോ അർദ്ധ സർക്കാർ സ്ഥാപനത്തിലോ രണ്ട് വർഷത്തിൽ കുറയാതെ ടൈപ്പിസ്റ്റായുള്ള പ്രവൃത്തിപരിചയം |
| വെൽഡർ കം ബ്ലാക്ക്സ്മിത്ത് | ഐ.ടി. ഐ. ട്രേഡ് സർട്ടിഫിക്കറ്റ് |

(ബി) ഈ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുവരുന്ന സ്ഥിരം ജീവനക്കാർ ഹാജരാക്കിയിരിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

(സി&ഡി) 1. 16-6-2012-ലെ സ.ഉ.(കൈ) നമ്പർ 197/2012/ഉ.വി.വ. പ്രകാരം മ്യൂസിയത്തിൽ ഒരു ഡ്രൈവർ കം ഹെൽപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു.

2. 7-7-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 270/12/ഉ.വി.വ പ്രകാരം മ്യൂസിയത്തിലെ പ്യൂൺ/അറ്റൻഡർ തസ്തിക, എൽ.ഡി. ടൈപ്പിസ്റ്റായി പരിവർത്തനപ്പെടുത്തി.

പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി വച്ചിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly